**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

---

ഫയൽ നം. DHS/25803/2024-AB4 തീയതി.28-12-2024

# ലഘു ദർഘാസ് പരസ്യം

**വിഷയം:** ആ.വ.ഡ.- 2025- 2026 വർഷത്തിൽ സർക്കാർ ആശുപത്രി കളിലേയ്ക്ക് ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള ദർഘാസ് സംബന്ധിച്ച്.

**സൂചന:**

കേരള സർക്കാർ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലേയ്ക്ക് ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിന് പ്രത്യേകം കവറുകളിൽ മുദ്രവച്ച് ദർഘാസുകൾ (രണ്ടു പ്രതിവീതം) ക്ഷണിച്ചുകൊള്ളുന്നു.

01.04.2025 മുതൽ 31.03.2026 വരെയോ അല്ലാത്ത പക്ഷം സർക്കാർ നിശ്ചയിക്കുന്ന മറ്റ് കാലയളവിലേക്കോ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള സർക്കാർ ആശുപത്രികളിലേയ്ക്ക് ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള മുദ്ര വച്ച ദർഘാസുകൾ പ്രത്യേകം കവറുകളിൽ 30.01.2025 ന് 01 മണിയ്ക്ക് മുമ്പ് അതാത് സ്ഥാപനങ്ങളുടെ മേലധികാരികൾക്ക് കിട്ടിയിരിക്കേണ്ടതാണ്.

## ദർഘാസ് വ്യവസ്ഥകൾ

വിതരണം നടത്തേണ്ട സാധനങ്ങളുടെ പട്ടിക, രണ്ട് ദർഘാസ് ഫോറങ്ങൾ, ദർഘാസിനോടൊപ്പം വയ്ക്കേണ്ട ഉടമ്പടികളുടെ മാതൃക മുതലായവ അതാത് സ്ഥാപനങ്ങളുടെ മേലധികാരികളിൽ നിന്നും അവർ നിശ്ചയിച്ചിരിക്കുന്ന ദർഘാസ് ഫോറത്തിന്റെ വില അടച്ച ചെല്ലാൻ രസീതും 28-12-2024 ലോ അതിനു ശേഷമോ ലഭിച്ച അസൽ സോൾവൻസി സർട്ടിഫിക്കറ്റും (കുടികിടപത്രം സഹിതം) ഹാജരാക്കി ആവശ്യപ്പെട്ടാൽ ലഭിയ്ക്കുന്നതാണ്. ദർഘാസ് ഫോറം വാങ്ങുന്നതിനുള്ള തുക 0210- വൈദ്യസഹായവും പൊതുജനാരോഗ്യവും ജനറൽ - 800 മറ്റു വരവുകൾ - 88 – പലവകയും ( ഭക്ഷ്യ ഭക്ഷ്യേതര വസ്തുക്കളുടെ ദർഘാസ് ഫോറത്തിന്റെ വില അടയ്ക്കുന്നത് ) എന്ന ശീർഷകത്തിലും GST ബന്ധപ്പെട്ട അക്കൗണ്ടിലും അടയ്ക്കേണ്ടതാണ്.

ഇങ്ങനെ അടയ്ക്കുന്ന പണം യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല. ഓരോ വർഷത്തിനൊപ്പം ടെണ്ടറുകളുടെ 1 0 % കുറയാത്ത തുകയക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റിന്റെ അസ്സലും ഒരു ശരിപകർപ്പും കടം വീട്ടാൻ മുതലുള്ളത് വ്യാപ്തി ഏതുവരെയെന്നും എവിടെയാണ് പ്രസ്തുത കരാറുകാരൻ

താമസിക്കുന്നതെന്നുമുള്ള സർട്ടിഫിക്കറ്റും (18 ബി) സ്റ്റോർ പർച്ചേയ്സ് റൂൾ ജനറൽ വിവരങ്ങൾ (സർക്കാർ കത്ത് നം.38489/എം3/ആ.കു.വ, തീയതി 09.05.2003) ഹാജരാക്കണം. ഈ സർട്ടിഫിക്കറ്റ് 28-12-2024 ലോ അതിനു ശേഷമോ അതാത് റവന്യൂ അധികാരികളിൽ നിന്നും നിശ്ചിത ഫോറത്തിൽ വാങ്ങിയവയും കുടികിട സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സ്ഥലത്തെ സബ് രജിസ്ട്രാറിൽ നിന്നും വാങ്ങി ഹാജരാക്കിയാലും മതിയാവുന്നതാണ്.

കരാറുകാരൻ കരാർ സമർപ്പിക്കുമ്പോൾ 200/- രൂപയുടെ മുദ്രപത്രത്തിൽ സ്റ്റോർ പർച്ചെയ്സ് നിയമത്തിന്റെ പൊതു വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുള്ള ഒരു ഉടമ്പടി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Reena K J
Date: 28-12-2024 10:56:54

**Dr REENA K J**

**DIRECTOR OF HEALTH SERVICES,**